# ജപ്തി നടപടികളെ കായികമായി നേരിടും

## ഫാർമേഴ്സ് റിലീഫ് ഫോറം

കാർഷിക കടങ്ങൾ തിരിച്ചടക്കില്ലെന്നും ജപ്തി-ലേല നടപടികളെ വേണ്ടിവന്നാൽ കായികമായി നേരിടുമെന്നും ഫാർമേഴ്സ് റിലീഫ് ഫോറം സംസ്ഥാന ചെയർമാൻ എ. സി. വർക്കി മുന്നറിയിപ്പ് നൽകി.

കടങ്ങൾ പൂർണമായും എഴുതി തള്ളിക്കൊണ്ട് കർഷകർ, കർഷകത്തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കിടയിൽ ശാന്തിയുടെ അന്തരീക്ഷം ഉണ്ടാക്കാൻ ഭരണാധികാരികൾ ബാധ്യസ്ഥരാണ് – അദ്ദേഹം അഭിപ്രായപ്പെട്ടു.

215 വ്യക്തികളുടെ 915 കോടി രൂപയും വൻകിടവ്യവസായികളുടെ ഒന്നര ലക്ഷം കോടി രൂപ ദേശീയമായും എഴുതിത്തള്ളിയ സർക്കാരുകൾ സാധാരണക്കാരന്റെ തുച്ഛമായ വായ്പകളുടെ പേരിൽ അവരുടെ മേൽ കുതിര കയറുകയാണ്. സാധാരണക്കാരന്റെ വായ്പകൾ എഴുതി തള്ളുകയാണ് വേണ്ടത്. അല്ലാത്ത പക്ഷം നികുതികൾ അടക്കാതെയും ജപ്തിനടപടികളെ കായികമായി നേരിട്ടുകൊണ്ടും പ്രതികരിക്കുമെന്ന് അദ്ദേഹം 'കേരളീയ'ത്തിനോട് പറഞ്ഞു.

ഗ്രാമതലത്തിൽ സംരക്ഷണ സേനകൾ രൂപീകരിച്ച് അനീതിയുടെ കൂത്തരങ്ങായി മാറിയ വൈദ്യുതിബോർഡ്, ജനകീയാസൂത്രണത്തിന്റെ പേരിലുള്ള നിർമ്മാണപ്രവർത്തനങ്ങളിലെ അഴിമതികൾ, കൃഷിവകുപ്പിന്റെ കീടനാശിനി വിതരണം എന്നിവ ചെറുക്കും.